പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *237. 05.05.2017 ൽ മറുപടിയ്ക്ക്

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, എൻ. വിജയൻ പിള്ള<br>,, കെ.ജെ. മാക്സി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്.വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br>കൂടാതെ അതിർത്തി പ്രദേശങ്ങളിൽ 24 ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | | | മണിക്കൂറും വാഹനപരിശോധന നടത്തുന്നതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പ രിശോധന നടത്തി വരുന്നുമുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് ശക്തമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. |
| (ബി) | ഇത്തരം ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വ്യാജമദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./ എം.& റ്റി.പി./ കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതു ജനങ്ങളിൽ നിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജന ങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ കൂടി സഹകരണ ത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുള്ളത്. |
| (സി) | യുവജനങ്ങളെയും വിദ്യാർത്ഥി കളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതി നായി വ്യാപകമായ ബോധ വത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണ മായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവ ത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുകയും വിമുക്തി യുടെ ഉദ്ദേശ ലക്ഷ്യമാണ്.<br>ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുമുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും ഇതിനോടകംതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**